പതിനാറാം കേരളനിയമസഭ

(SIXTEENTH KERALAM LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി XII

(SUBJECT COMMITTEE XII)

ആരോഗ്യവും കുടുംബക്ഷേമവും

(HEALTH AND FAMILY WELFARE)

പീരിയോഡിക്കൽ റിപ്പോർട്ട്

(2026 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31st MARCH 2026)

കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2026 ഒക്ടോബർ 28-ാം തീയതി സമർപ്പിച്ചത്

Presented on 28th October 2026

കേരളനിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2026

പതിനാറാം കേരളനിയമസഭ

(SIXTEENTH KERALAM LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി XII

(SUBJECT COMMITTEE XII)

ആരോഗ്യവും കുടുംബക്ഷേമവും

(HEALTH AND FAMILY WELFARE)

പീരിയോഡിക്കൽ റിപ്പോർട്ട്

(2026 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31st MARCH 2026)

കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	..	v
അവതാരിക	..	vii
റിപ്പോർട്ട്	..	1

സബ്ജക്ട് കമ്മിറ്റി XII

ആരോഗ്യവും കുടുംബക്ഷേമവും

(2026–2028)

ഘടന

<u>ചെയർപേഴ്സൺ</u>

ശ്രീ. കെ. മുരളീധരൻ

ആരോഗ്യ- ദേവസ്വം വകുപ്പ് മന്ത്രി.

<u>എക്സ്-ഓഫീഷ്യോ ചെയർപേഴ്സൺ</u>

ശ്രീമതി ബിന്ദു കൃഷ്ണ

തൊഴിൽ, മൃഗസംരക്ഷണ- വനിതാ ശിശുവികസന വകുപ്പ് മന്ത്രി

<u>അംഗങ്ങൾ</u>

ശ്രീമതി ഫാത്തിമ തഹിലിയ

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. വി. കുഞ്ഞികൃഷ്ണൻ

ശ്രീ. നജീബ് കാന്തപുരം

ശ്രീമതി രമ്യ ഹരിദാസ്

ശ്രീമതി കെ. കെ. രമ

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. വി. കെ. സനോജ്

ശ്രീമതി വിദ്യ ബാലകൃഷ്ണൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീമതി റീന വി.ആർ., ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീജ പി.കെ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷീന കെ., അണ്ടർ സെക്രട്ടറി

അവതാരിക

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് സമർപ്പിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII, പതിനാറാം കേരള നിയമസഭയുടെ 23-06-2026 ലെ ബുള്ളറ്റിൻ ഭാഗം 2 നമ്പർ 25 പ്രകാരം 2026 ജൂൺ 23-ന് രൂപീകൃതമായി. സമിതിയിൽ 11 അംഗങ്ങളാണുള്ളത്.

2025 ഏപ്രിൽ 1 മുതൽ 2026 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ 30.04.2025, 16.07.2025, 06.10.2025, 10.02.2026, 17.02.2026, 23.02.2026 എന്നീ തീയതികളിലായി സമിതി 6 യോഗങ്ങൾ ചേരുകയുണ്ടായി. മേൽ പറഞ്ഞ സമിതി യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർ നില 50% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം അദ്ധ്യായത്തിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിവരങ്ങൾ , രണ്ടാം അദ്ധ്യായത്തിൽ സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ , മൂന്നാം അദ്ധ്യായത്തിൽ സമിതി പരിഗണിച്ച ചട്ടങ്ങളുടെയും എസ്.ആർ.ഒ.കളുടെയും വിശദാംശങ്ങൾ, നാലാം അദ്ധ്യായത്തിൽ നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ചുള്ള വിശദാംശങ്ങൾ, അഞ്ചാം അദ്ധ്യായത്തിൽ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ , ആറാം അദ്ധ്യായത്തിൽ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹവും ഏഴാം അദ്ധ്യായത്തിൽ സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർ ശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും ഉൾ ക്കൊള്ളിച്ചിരിക്കുന്നു. സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2026 ഒക്ടോബർ 27-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
28 ഒക്ടോബർ 2026

കെ.മുരളീധരൻ,
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി XII.

റിപ്പോർട്ട്

അദ്ധ്യായം I

സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1. 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2025 ഒക്ടോബർ 6-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2025 ഒക്ടോബർ 7-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.
2. 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് 2025 ഒക്ടോബർ 6 -ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2025 ഒക്ടോബർ 7-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.
3. 'ഭക്ഷ്യവസ്തുക്കളിലെ ഹാനികരമായ രാസവസ്തുക്കളുടെ പ്രയോഗം തടയൽ' സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് (ചട്ടം 235 എ പ്രകാരം യോഗം ചേർന്ന് 235 (1) (iii) പ്രകാരമുള്ളത്) 2025 ഒക്ടോബർ 6-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2025 ഒക്ടോബർ 8-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.
4. 2026-2027 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച ആറാമത് റിപ്പോർട്ട് 2026 ഫെബ്രുവരി 17-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2026 ഫെബ്രുവരി 23-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.
5. 'സുരക്ഷിതമായ രക്ത ബാങ്കിങ് സംവിധാനം' എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് (ചട്ടം 235 എ പ്രകാരം യോഗം ചേർന്ന് ചട്ടം 235 (1) (iii) പ്രകാരം തയ്യാറാക്കിയത്) 2026 ഫെബ്രുവരി 23-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2026 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

അദ്ധ്യായം II

സമിതി പരിഗണിച്ച ബില്ലിന്റെ വിശദാംശങ്ങൾ

ഈ കാലയളവിൽ സമിതി ബില്ലുകളൊന്നും തന്നെ പരിഗണിച്ചിട്ടില്ല.

അദ്ധ്യായം III

സമിതി പരിഗണിച്ച കരട് ചട്ടങ്ങൾ/എസ്.ആർ.ഒ.കളുടെ വിശദാംശങ്ങൾ

The Kerala State Homeopathic Medical Education (Teaching) Services (Amendment) Rules - (ആയുഷ് വകുപ്പിലെ ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്കുള്ള നിയമനത്തിനായുള്ള പ്രായപരിധി ഉയർത്തിക്കൊണ്ടുള്ള സ്പെഷ്യൽ റൂൾസിന്റെ ഭേദഗതി)- കരട് പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

ആയുഷ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് സ്ഥാപനങ്ങൾ പാലിക്കേണ്ടതായ ഏറ്റവും കുറഞ്ഞ നിലവാരം നിർണയിച്ചുകൊണ്ടുള്ള ചട്ടങ്ങൾ

(1) 20-02-2024 തീയതിയിലെ എസ്ആർഒ നമ്പർ 213/2024 (ആയുർവേദം),

(2) 19-02-24 തീയതിയിലെ എസ്ആർഒ നമ്പർ 214/2024 (യൂനാനി),

(3) 19-02-2024 തീയതിയിലെ എസ്ആർഒ നമ്പർ 215/2024 (ഹോമിയോപ്പതി), (4) 19-02-24 തീയതിയിലെ എസ്ആർഒ നമ്പർ 216/2024 (സിദ്ധ),

(5) 19-02-24 തീയതിയിലെ എസ്ആർഒ നമ്പർ 217/2024 (യോഗ/പ്രകൃതി ചികിത്സാ) എന്നീ എസ്ആർഒ-കൾ 30.04.2025 ലെ യോഗത്തിൽ സാധൂകരിച്ചു.

അദ്ധ്യായം IV

നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (A) പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ

'ഏകാരോഗ്യം കേരളത്തിന്റെ പ്രവർത്തനങ്ങൾ' എന്ന പ്രത്യേക വിഷയം സംബന്ധിച്ച് 2025 ജൂലൈ 16-ാം തീയതി ചേർന്ന സമിതി യോഗം ചർച്ച നടത്തി.

അദ്ധ്യായം V

നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

ധനാഭ്യർത്ഥന നമ്പർ	സാമ്പത്തിക വർഷം	വകുപ്പ്	സഭയിൽ സമർപ്പിച്ച തീയതി
XVIII – വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും	2019-20 (കാലതാമസ പത്രിക സഹിതം)	ആരോഗ്യ കുടുംബക്ഷേമ വകുപ്പ്	06.10.2025
XVIII – വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും	2020-21 (കാലതാമസ പത്രിക സഹിതം)	ആരോഗ്യ കുടുംബക്ഷേമ വകുപ്പ്	06.10.2025
XVIII – വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും	2022-23 (കാലതാമസ പത്രിക സഹിതം)	ആരോഗ്യ കുടുംബക്ഷേമ വകുപ്പ്	03.02.2026

അദ്ധ്യായം VI

(a) 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

റിപ്പോർട്ടിൽ ആകെ 101 ശിപാർശകളാണുള്ളത് ആയതിൽ മറുപടി ലഭിക്കാനുള്ളവ താഴെപ്പറയും പ്രകാരമാണ്.

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്	1-3, 5-25,28,32, 35-39, 97-100, 101.
ആയുഷ്	41, 45-48.

(b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് മുൻവർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2019-20)

(ഫയൽ നം. 3627/സബ്.സി.എഫ്.2/2019/ലെജി)

ശിപാർശ

2210-06-112-98—ആശാവർക്കർമാർക്കുള്ള അലവൻസ്

ബഡ്ജറ്റ് വിഹിതം :65 കോടി രൂപ (നോൺ പ്ലാൻ)

ബജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ച പ്രകാരം ആശാവർക്കർമാർക്ക് പ്രതിമാസം 4500 രൂപ നിരക്കിൽ ഓണറേറിയം നൽകുന്നതിനായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ, ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 75.21 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക – 19)

സർക്കാർ സ്വീകരിച്ച നടപടി

2210-06-112-98-34-03 ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം ₹650000000/- രൂപയാണ്. G.O(Rt) No.8799/2019/Fin, Dated 07.11.2019 പ്രകാരം ₹286460000/- രൂപയും G.O(Rt) No.1340/2020/Fin, Dated 18.02.2020 പ്രകാരം ₹312154000/- രൂപയും അധിക ധനം ലഭ്യമാക്കിയിട്ടുണ്ട്. ചെലവഴിച്ച തുക ₹ 1,248,614,000/- , ചെലവാക്കലിന്റെ ശതമാനം 100%.

ശിപാർശ

2210-05-101-60-36- സംസ്ഥാന ഔഷധ സസ്യബോർഡ് - സഹായധനം-ശമ്പളേതരം

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

ഔഷധ സസ്യബോർഡ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ ജനപ്രിയ പദ്ധതികൾക്കായി നടപ്പുസാമ്പത്തികവർഷം അനുവദിച്ച തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ധനപുന:വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക – 52)

സർക്കാർ സ്വീകരിച്ച നടപടി

2210-05-101-60-36 സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡ് സഹായധനം - ശമ്പളേതരം ശീർഷകത്തിൽ ഉപധനാഭ്യർത്ഥന വഴി തുക അനുവദിക്കുന്നതിന് ശിപാർശ സമർപ്പിച്ചിരുന്നെങ്കിലും വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം അധിക തുക അനുവദിക്കാൻ സാധിച്ചില്ല. മറ്റു ശീർഷകങ്ങളിലെ ഫണ്ട് അപര്യാപ്തമാകയാൽ ധന :പുനവിനിയോഗം വഴി അധിക തുക കണ്ടെത്താനും സാധിച്ചില്ല.

ശിപാർശ

4210-04-190-98-കേരള ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ.എം.)
ഓഹരി മൂലധന വിഹിതം

ബഡ്ജറ്റ് വിഹിതം : 2.5 കോടി രൂപ (പ്ലാൻ)

പുതിയ ആയുഷ് ഫാർമ പാർക്ക് ഫാക്ടറി നിർമ്മാണത്തിനും കുട്ടനെല്ലൂർ ഫാക്ടറിയുടെ അനുബന്ധ വികസന പ്രവർത്തനങ്ങൾക്കുമായി വകയിരുത്തിയിട്ടുള്ള വിഹിതം തികച്ചും അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ മേൽ വികസന പ്രവർത്തനങ്ങൾക്കായി ധനപുന:വിനിയോഗം വഴിയോ ഉപധനാഭ്യർത്ഥന

വഴിയോ ഈ ശീർഷകത്തിൽ 120 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക – 53)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

4210-04-190-98-കേരള ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ.എം.) ഓഹരി മൂലധന വിഹിതം ശീർഷകത്തിൽ ഉപധനാഭ്യർത്ഥന വഴി തുക അനുവദിക്കുന്നതിന് ശിപാർശ സമർപ്പിച്ചിരുന്നെങ്കിലും വിഭവ ലഭ്യതയുടെ അപര്യാപ്തത മൂലം അധിക തുക അനുവദിക്കാൻ സാധിച്ചില്ല . മറ്റു ശീർഷകങ്ങളിലെ ഫണ്ട് അപര്യാപ്തമാകയാൽ ധന:പുനവിനിയോഗം വഴി അധിക തുക കണ്ടെത്താനും സാധിച്ചില്ല.

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2022-23)

(ഫയൽ നം. 12924/സബ്.സി.എഫ്.2/2022/ലെജി)

<u>ശിപാർശ</u>

2210-01-110-99-01-4 - <u>ആശുപത്രികളും ഡിസ്പെൻസറികളും-ശമ്പളം-മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്</u>

2210-01-110-99-34-2 - <u>ആശുപത്രികളും ഡിസ്പെൻസറികളും-മറ്റു ചെലവുകൾ-വൈദ്യുതി ചെലവ്</u>

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-01-110-99-01-4 - 1.625 കോടി രൂപ

2210-01-110-99-34-2 - 5.7221 കോടി രൂപ

നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2210-01-110-99-01-4 എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപയും 2210-01-110-99-34-2 എന്ന ശീർഷകത്തിൽ 5 കോടി രൂപയും അധികമായി

ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക – 10)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2210-01-110-99-00-01-4 N-V ശീർഷകത്തിൽ ബഡ്ജററ് വിഹിതം - 16250000 ചെലവഴിച്ച തുക – 15425687, ചെലവാക്കലിന്റെ ശതമാനം - 94.93. 2022-23 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതം പര്യാപ്തമാണ്.

2210-01-110-99-00-34-2 N-V ശീർഷകത്തിൽ ബഡ്ജററ് വിഹിതം - 57221000 ചെലവഴിച്ച തുക – 33495928, ചെലവാക്കലിന്റെ ശതമാനം - 58.54. 2022-23 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതം പര്യാപ്തമാണ്.

<u>ശിപാർശ</u>

2210-03-103-99-01-4 - <u>പ്രാഥമിക ആരോഗ്യ യൂണിറ്റുകളും ആരോഗ്യ കേന്ദ്രങ്ങളും- ശമ്പളം-മെഡിക്കൽ റീഇംബേഴ്സ്മെന്റ്</u>

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ (നോൺ പ്ലാൻ)

നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 40 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക – 11)

സർക്കാർ സ്വീകരിച്ച നടപടി

2210-03-103-99-00-01-04 N-V ശീർഷകത്തിൽ ബഡ്ജററ് വിഹിതം - 131980000 G.O(Rt) No.373/2023/Fin Dated, 18.01.2023 പ്രകാരം 1159000 രൂപയും G.O(Rt) No.618/2023/Fin Dated, 25.01.2023 പ്രകാരം 2039000 രൂപയും അധിക ധനം ലഭ്യമാക്കിയിട്ടുണ്ട്. ചെലവഴിച്ച തുക – 12917881, ചെലവാക്കലിന്റെ ശതമാനം - 97.88.

ശിപാർശ

2210-03-110-99-05-2 - ആശുപത്രികളും ഡിസ്പെൻസറികളും ജനറൽ ജില്ലാ താലൂക്ക് ആശുപത്രികൾ ഒഴികെ-ഓഫീസ് ചെലവുകൾ- വൈദ്യുതി ചെലവ്

2210-03-110-99-34-2 - ആശുപത്രികളും ഡിസ്പെൻസറികളും ജനറൽ ജില്ലാ താലൂക്ക് ആശുപത്രികൾ ഒഴികെ-മറ്റ് ചെലവുകൾ- വൈദ്യുതി ചെലവ്

ബഡ്ജറ്റ് വിഹിതം : (നോൺ പ്ലാൻ)

2210-03-110-99-05-2 : 8.56 ലക്ഷം രൂപ

2210-03-110-99-34-2 : 1 ലക്ഷം രൂപ

നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 2210-03-110-99-05-2 എന്ന ശീർഷകത്തിൽ 30 ലക്ഷം രൂപയും 2210-03-110-99-34-2 എന്ന ശീർഷകത്തിൽ 70 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക – 12)

സർക്കാർ സ്വീകരിച്ച നടപടി

2210-03-110-99-00-05-2 N-V ശീർഷകത്തിൽ ബഡ്ജററ് വിഹിതം - 856000 ചെലവഴിച്ച തുക – 232968, ചെലവാക്കലിന്റെ ശതമാനം - 27.22. 2022-23 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതം പര്യാപ്തമാണ്.

2210-03-110-99-00-34-2 N-V ശീർഷകത്തിൽ ബഡ്ജററ് വിഹിതം - 100000 ചെലവ് - 0, ചെലവാക്കലിന്റെ ശതമാനം - 0. 2022-23 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതം പര്യാപ്തമാണ്.

ശിപാർശ

2210-06-003-97-02-4- വിവിധോദ്ദേശ ജോലിക്കാരുടെ പരിശീലനം-വേതനം
ബഡ്ജറ്റ് വിഹിതം : ഇല്ല

കോവിഡ് മഹാമാരി മൂലം അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമിച്ച JHI/JPHN മാർക്ക് ശമ്പളം നൽകുന്നതിനുവേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 5.70 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക – 13)

സർക്കാർ സ്വീകരിച്ച നടപടി

2210-06-003-97-00-02-04 N-V ശീർഷകത്തിൽ ബഡ്ജററ് വിഹിതം - ഇല്ല. G.O(Rt) No.7168/2022/Fin Dated 25.10.2022 പ്രകാരം 367000 രൂപ അധിക ധനം ലഭ്യമാക്കിയിട്ടുണ്ട്. ചെലവഴിച്ച തുക – 366,941/-, ചെലവാക്കലിന്റെ ശതമാനം - 99.98.

ശിപാർശ

2210-06-107-99-05-2 - പൊതുജനാരോഗ്യ പരീക്ഷണശാലകൾ - ഓഫീസ് ചെലവുകൾ -വൈദ്യുതി ചെലവ്
ബഡ്ജറ്റ് വിഹിതം : 38.38 ലക്ഷം രൂപ (നോൺ പ്ലാൻ)

പബ്ലിക് ഹെൽത്ത് ലാബിന്റെ Pending electricity charge നൽകുന്നതിന് വേണ്ടി 34 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക – 14)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2210-06-107-99-00-05-02 N-V ശീർഷകത്തിൽ ബഡ്ജററ് വിഹിതം - 3,838,000/-. ചെലവ് - 3,117,816/-. ചെലവാക്കലിന്റെ ശതമാനം - 81.24. 2022-23 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതം പര്യാപ്തമാണ്.

<u>ശിപാർശ</u>

2215-02-105-99-01-4 <u>-ഹെൽത്ത് ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള കേന്ദ്രങ്ങൾ -ശമ്പളം-മെഡിക്കൽ റീഇംബേഴ്സ്മെന്റ്</u>

ബഡ്ജറ്റ് വിഹിതം : 1.18 ലക്ഷം രൂപ (നോൺ പ്ലാൻ)

ജില്ലകൾ ആവശ്യപ്പെട്ടിരിക്കുന്ന മെഡിക്കൽ റീ -ഇംബേഴ്സ്മെന്റ് ബില്ലുകൾ അനുവദിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ 1.2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക – 101)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2215-02-105-99-01-04 ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതം - 118000/-. G.O(Rt) No.5845/2022/Fin Dated 17.08.2022 പ്രകാരം 916000/- രൂപ അധിക ധനം ലഭ്യമാക്കിയിട്ടുണ്ട്. ചെലവഴിച്ച തുക – 940293/-, ചെലവാക്കലിന്റെ ശതമാനം - 90.94.

അദ്ധ്യായം VII

സമിതിയുടെ പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും.

<u>സംസ്ഥാനത്തെ ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നത് സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്</u>

<u>ശിപാർശ</u>

എല്ലാ ജനകീയാരോഗ്യ കേന്ദ്രങ്ങളിലും കമ്പ്യൂട്ടർ, പ്രിന്റർ, ഇന്റർനെറ്റ് തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കി ഇ-സഞ്ജീവനി സംവിധാനം ഏർപ്പെടുത്തുമെന്നും അതിലൂടെ ഡോക്ടറുടെ സേവനം ലഭ്യമാക്കാനും ഡോക്ടർ നിർദ്ദേശിക്കുന്ന മരുന്നിന്റെ ആദ്യ ഡോസ് നൽകാനും സാധിക്കുമെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ സമിതി മുൻപാകെ വിശദീകരിച്ചിരുന്നു. ആയതിനാൽ ഈ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതും അതിനായി ഫണ്ട് അനുവദിച്ചിട്ടുള്ളതുമായ ജനകീയാരോഗ്യ കേന്ദ്രങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.

(ഖണ്ഡിക -1)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

കമ്പ്യൂട്ടർ, പ്രിന്റർ, മോഡം, റൗട്ടർ, ഇന്റർനെറ്റ് കണക്ഷൻ തുടങ്ങിയവയ്ക്കായി 37 കോടി രൂപ 2023-24 സാമ്പത്തിക വർഷത്തിലെ ദേശീയ ആരോഗ്യ ദൗത്യത്തിന്റെ

(എൻ.എച്ച്.എം) സപ്ലിമെന്ററി ആർ.ഒ.പി വഴി അംഗീകരിച്ചിരുന്നു. എന്നാൽ, 2023-24 സാമ്പത്തിക വർഷത്തെ എൻ .എച്ച്.എം ഫണ്ടിന്റെ കേന്ദ്ര വിഹിതം സംസ്ഥാനത്തിന് ലഭിച്ചില്ല. അതിനാൽ ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ ഡിജിറ്റലൈസേഷൻ പൂർണ്ണമായും നടപ്പിലായിട്ടില്ല.

ഇ-സഞ്ജീവനി സംവിധാനത്തിലൂടെയുള്ള ടെലികൺസൾട്ടേഷൻ സേവനങ്ങൾ സംസ്ഥാനത്തെ എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴിയും നൽകി വരുന്നുണ്ട് . ജനറൽ/ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ആവശ്യമുള്ളവർക്ക് ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലെ മിഡ് ലെവൽ സർവീസ് പ്രൊവൈഡർമാർ (എം.എൽ.എസ്.പി.) ഇ-സഞ്ജീവനി സംവിധാനത്തിലൂടെ ടെലികൺസൾട്ടേഷൻ സേവനങ്ങൾ ലഭ്യമാക്കുന്നു . ടെലികൺസൾട്ടേഷൻ പൂർത്തിയായ ശേഷം ഇ -പ്രിസ്ക്രിപ്ഷൻ സംവിധാനം വഴി മരുന്നുകൾ ലഭ്യമാക്കുന്നു . 2023-24 സാമ്പത്തിക വർഷത്തിൽ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി നടത്തിയ ടെലികൺസൾട്ടേഷൻ സേവനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

<u>ശിപാർശ</u>

സെന്റർ ഫോർ മാനേജ്മെന്റ് സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ പൊതുപരീക്ഷയും, ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഉൾപ്പെടെയുള്ളവർ ഇന്റർവ്യൂവും നടത്തിയാണ് മിഡ് ലെവൽ സർവ്വീസ് പ്രൊവൈഡേഴ്സ് (MLSP), JPHN, JHI, ASHA Worker ഉൾപ്പെടെയുള്ള കരാർ ജീവനക്കാരെ നിയോഗിക്കുന്നതെന്ന് തെളിവെടുപ്പ് യോഗത്തിൽ സമിതിയിൽ വിശദീകരിച്ചിരുന്നു. MLSP, JPHN, JHI, ASHA Worker ഉൾപ്പെടെയുള്ള ജീവനക്കാർക്ക് നൽകിയ വേതനം, എത്രപേരെ നാളിതുവരെ നിയമിച്ചിട്ടുണ്ട്, മറ്റിതര ചെലവുകൾ എന്നിവ സംബന്ധിച്ച ജില്ലതിരിച്ചുള്ള കണക്ക് ഇനം തിരിച്ച് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -2)

സർക്കാർ സ്വീകരിച്ച നടപടി

ജെ.പി.എച്ച്.എൻ., ജെ.എച്ച്.ഐ. തുടങ്ങിയവർ ആരോഗ്യ വകുപ്പിന് കീഴിലെ സ്ഥിരം ജീവനക്കാരാണ്. ഇവരുടെ നിയമനം കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയാണ്. ഇവരെ കൂടാതെ എല്ലാ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും മിഡ് ലെവൽ സർവീസ് പ്രൊവൈഡർ (എം.എൽ.എസ്.പി.) തസ്തികയിൽ ജനറൽ നഴ്സിംഗ്/ബി.എസ്.സി. നഴ്സിംഗ് യോഗ്യതയുള്ളവരെയാണ് നിയോഗിക്കുന്നത്. ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റികൾ മുഖേന കരാർ അടിസ്ഥാനത്തിലാണ് ഇവരുടെ നിയമനം. എം.എൽ.എസ്.പി. തസ്തികകളിലേക്കുള്ള ഒഴിവുകൾ എല്ലാ പ്രധാന പത്രങ്ങളിലും ദേശീയ ആരോഗ്യ ദൗത്യത്തിന്റെ വെബ്സൈറ്റിലും പരസ്യപ്പെടുത്താറുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ എം.എൽ.എസ്.പി. തസ്തികയിലുള്ള ജീവനക്കാർക്ക് നൽകിയ വേതനത്തിന്റെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.

പഞ്ചായത്ത് പ്രസിഡന്റ്/ മുനിസിപ്പൽ ചെയർപേഴ്സൺ / കോർപ്പറേഷൻ മേയർ ബന്ധപ്പെട്ട വാർഡ് മെമ്പർ /കൗൺസിലർ ബന്ധപ്പെട്ട ആരോഗ്യ സ്ഥാപനത്തിന്റെ സൂപ്രണ്ട്/ മെഡിക്കൽ ഓഫീസർ, വാർഡ് ഉൾപ്പെടുന്ന ജനകീയ ആരോഗ്യ കേന്ദ്രത്തിന്റെ ചുമതലയുള്ള ജെ .പി.എച്ച്.എൻ., ജില്ലാ ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയർ സൊസൈറ്റിയുടെ പ്രതിനിധി /ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ നിർ ദ്ദേശിക്കുന്ന വ്യക്തി എന്നിവരടങ്ങുന്ന ഒരു കമ്മിറ്റിയാണ് ആശ പ്രവർത്തകരെ തിരഞ്ഞെടുക്കുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ ഓണറേറിയം /ഇൻസെന്റീവ് ഇനത്തിൽ ആശാ പ്രവർത്തകർക്ക് നൽകിയ പ്രതിഫലത്തിന്റെ വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു.

ശിപാർശ

ജനകീയാരോഗ്യകേന്ദ്രം സ്ഥിതി ചെയ്യുന്ന വാർഡിലെ മെമ്പറാണ് ജനകീയാരോഗ്യ ക്ലബുകളിൽ ജനകീയ വെൽഫെയർ കമ്മിറ്റിക്ക് നേതൃത്വം നൽകുന്നത്

എന്നും ജനകീയാരോഗ്യ പ്രവർത്തനത്തിന് താൽപ്പര്യമുള്ള മൂന്ന് വ്യക്തികളെ കൂടി ഇതിൽ അംഗങ്ങളാക്കുകയും , അവർ നന്നായി പ്രവർത്തിക്കുന്നില്ലെങ്കിൽ മാറ്റുകയും ചെയ്യുമെന്നും സ്റ്റേറ്റ് മിഷൻ ഡയറക്ടർ സമിതി മുൻപാകെ ബോധിപ്പിച്ചിരുന്നു . ആയതിനാൽ, പ്രസ്തുത മൂന്ന് അംഗങ്ങളുടെയും വിദ്യാഭ്യാസ യോഗ്യത, അവർക്ക് നൽകുന്ന പ്രതിഫലം, അവരുടെ നിയമനം സംബന്ധിച്ച കാര്യങ്ങൾ എന്നിവ വിശദമാക്കുന്ന സ്റ്റേറ്റ്മെന്റ് സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.

(ഖണ്ഡിക -3)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കുന്ന ഫീൽഡ്തല പ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും നിരീക്ഷണത്തിലും സാമൂഹിക പങ്കാളിത്തം വർധിപ്പിക്കുകയും പ്രവർത്തനങ്ങൾക്ക് പിന്തുണയും മേൽനോട്ടവും വഹിക്കുന്നതിന് ജനകീയ ആരോഗ്യക്ഷേമ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ജനകീയ ആരോഗ്യ കേന്ദ്രം ക്ഷേമ സമിതിയുടെ അദ്ധ്യക്ഷ (ൻ) ആരോഗ്യകേന്ദ്രം സ്ഥിതി ചെയ്യുന്ന വാർഡിലെ ജനപ്രതിനിധിയാണ്. ജനകീയ ആരോഗ്യ കേന്ദ്രത്തിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ആണ് കൺവീനർ. ആരോഗ്യ കേന്ദ്രത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ , മിഡ്-ലെവൽ സർവീസ് പ്രൊവൈഡർ, ആരോഗ്യ കേന്ദ്രത്തിനു കീഴിലെ അംഗനവാടി വർക്കർമാർ, ബന്ധപ്പെട്ട വാർഡുകളിലെ കുടുംബശ്രീ എ.ഡി.എസ് ചെയർപേഴ്സൺ, ആരോഗ്യ കേന്ദ്രവുമായി ബന്ധപ്പെട്ട ആശാ പ്രവർത്തകർ , സ്കൂളുകളിലെ സ്കൂൾ ഹെൽത്ത് അംബാസഡർ എന്നിവരാണ് ഈ സമിതിയിലെ അംഗങ്ങൾ . പ്രദേശത്ത് വെൽനസ് പ്രവർത്തനങ്ങൾ നടത്തുന്നതിനായി എല്ലാ വാർഡുകളിലും ജനകീയ ആരോഗ്യ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ജനകീയ ആരോഗ്യ ക്ഷേമ സമിതിയോടൊപ്പം ഓരോ വാർഡിൽ നിന്നും ജനകീയ ആരോഗ്യ പ്രവർത്തനങ്ങളിൽ താൽപര്യമുള്ള മൂന്ന് പേർക്ക് വീതം ഏകോപന ചുമതല നൽകി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. ഓരോ വാർഡിൽ നിന്നും

ജനകീയ ആരോഗ്യ പ്രവർത്തനങ്ഹളിൽ താൽപര്യമുള്ളവരെയാണ് ജനകീയ ആരോഗ്യ ക്ലബ്ബുകളിൽ അംഗങ്ങളാക്കുന്നത്. ഇവരെ തിരഞ്ഞെടുക്കുന്നത്. ഇവർക്ക് പ്രത്യേകിച്ച് വിദ്യാഭ്യാസ യോഗ്യതകളൊന്നും നിശ്ചയിച്ചിട്ടില്ല. ജനകീയ ആരോഗ്യ പ്രവർ ത്തനങ്ങളിലുള്ള താൽപര്യമാണ് ഏക മാനദണ്ഡം. സന്നദ്ധ പ്രവർത്തനമായതിനാൽ തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തികൾക്ക് പ്രതിഫലമൊന്നും നൽകുന്നില്ല.

ശിപാർശ

ജനകീയാരോഗ്യ കേന്ദ്രങ്ങളിലെ കരാർ നിയമനങ്ങളിലേയ്ക്കുള്ള അപേക്ഷ ക്ഷണിക്കുന്നതു സംബന്ധിച്ച പരസ്യം ആരോഗ്യ വകുപ്പിന്റെ വെബ്സൈറ്റിലും പ്രമുഖ പത്രങ്ങളുടെ എല്ലാ ജില്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിനും കൂടാതെ ജനകീയാരോഗ്യ കേന്ദ്രത്തിന്റെ പരിധിയിലുള്ള എല്ലാ വിഭാഗം ജനങ്ങളിലും ഇത് സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -4)

സർക്കാർ സ്വീകരിച്ച നടപടി

ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നത് മിഡ് ലെവൽ സർവീസ് പ്രൊവൈഡർമാർ (എം.എൽ.എസ്.പി) മാത്രമാണ്. ഇവരുടെ നിയമനം ദേശീയ ആരോഗ്യ ദൗത്യം മുഖേനയാണ് . എം.എൽ.എസ്.പി തസ്തികകളിലേക്കുള്ള നിയമനത്തിനായുള്ള അപേക്ഷകൾ ക്ഷണിക്കുന്നത് സംബന്ധിച്ച പരസ്യം എല്ല പ്രധാന പത്രങ്ങളിലും ദേശീയ ആരോഗ്യ ദൗത്യത്തിന്റെ വെബ് സൈറ്റിലും പ്രസിദ്ധീകരിക്കാറുണ്ട്. ജില്ലയിലെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലെ എം.എൽ.എസ്.പി ഒഴിവുകളുടെ അടിസ്ഥാനത്തിൽ ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയാണ് ഇതു സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുന്നതും തുടർന്ന്

യോഗ്യരായവർക്ക് എഴുത്തു പരീക്ഷയും അഭിമുഖവും നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതും നിയമനം നടത്തുന്നതും.

ശിപാർശ

ഓരോ നിയോജക മണ്ഡലത്തിലെയും ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും അതാതു പ്രദേശത്തെ എം.എൽ.എ. ചെയർമാനായും ഡെപ്യൂട്ടി ഡി.എം.ഒ, നാഷണൽ ഹെൽത്ത് മിഷൻ ഉദ്യോഗസ്ഥൻ, മെഡിക്കൽ ഓഫീസർ എന്നിവർ അംഗങ്ങളായും ഉള്ള ഒരു ഹെൽത്ത് റിവ്യൂ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -5)

സർക്കാർ സ്വീകരിച്ച നടപടി

നിയോജക മണ്ഡലങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ബന്ധപ്പെട്ട എം .എൽ.എ മാരുടെ സാന്നിധ്യത്തിൽ യോഗം ചേരുകയും വികസന പ്രവർത്തനങ്ങളും മറ്റു പ്രവർത്തനങ്ങളും വിലയിരുത്തി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

ശിപാർശ

പണമായി ലഭിയ്ക്കുന്ന സംഭാവനകൾ , ബന്ധപ്പെട്ട ആരോഗ്യ കേന്ദ്രത്തിന്റെ പ്രത്യേക അക്കൗണ്ടിൽ തന്നെ നിക്ഷേപിച്ച് പ്രസ്തുത ആരോഗ്യ കേന്ദ്രത്തിൻകീഴിൽ നടപ്പിലാക്കുന്ന ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. പണമായിട്ടുള്ള സംഭാവനകൾ മാതൃസ്ഥാപനമായ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ എച്ച് .എം.സി-യിൽ നിക്ഷേപിച്ച് ജനകീയാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണെന്നുള്ള നിർദ്ദേശം മാറ്റണമെന്നും ഇപ്രകാരം സ്വരൂപിക്കുന്ന പണം മാതൃസ്ഥാപനമായ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഇതിനായി

ആരംഭിക്കുന്ന പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും പണം അവിടെത്തന്നെ വിനിയോഗിക്കുന്നു എന്നുറപ്പുവരുത്താൻ ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക -6)

സർക്കാർ സ്വീകരിച്ച നടപടി

24.07.2023 തീയതിയിലെ സ.ഉ.(സാധാ) നം. 1816/2023/ആ.കു.വ സർക്കാർ ഉത്തരവ് പ്രകാരം ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്ക് പൊതുജനങ്ങളിൽ നിന്നുള്ള പിന്തുണ സേവനങ്ങളായോ , സാമഗ്രികളായോ, ഫണ്ടുകളായോ സ്വീകരിക്കാവുന്നതാണ് എന്നും, ജനകീയ ആരോഗ്യ കേന്ദ്രങ്ങളുടെ പേരിൽ ലഭിക്കുന്ന സി.എസ്. ആർ ഫണ്ട് , ജനങ്ങളിൽ നിന്നുള്ള സംഭാവനകൾ എന്നിവ ബന്ധപ്പെട്ട പ്രാഥമികാരോഗ്യ /കുടുംബാരോഗ്യ/സാമൂഹികാരോഗ്യ/ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ മെഡിക്കൽ ഓഫീസർമാർ രസീത് നൽകി സ്വീകരിച്ച് പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുകയും ആയത് അതാത് ജനകീയ ആരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി ഉപയോഗിക്കേണ്ടതുമാണ് എന്നും, ഇതിനായി മെഡിക്കൽ ഓഫീസർ, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ് എന്നിവർ ചേർന്ന് ജോയിന്റ് അക്കൗണ്ട് ആരംഭിക്കാവുന്നതാണ് എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ

സ്വന്തമായി സ്ഥലമില്ലാത്ത 723 സബ് സെന്ററുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന സാഹചര്യത്തിൽ, പ്രസ്തുത സബ് സെന്ററുകൾക്ക് അഞ്ച് സെന്റിൽ കുറയാത്ത സ്ഥലം ലഭ്യമാക്കി സ്വന്തമായി കെട്ടിടവും അനുബന്ധ സൗകര്യങ്ങളും അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക -7)

സർക്കാർ സ്വീകരിച്ച നടപടി

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റിന്റെ സ്കീം 1 പ്രകാരം കെട്ടിടമില്ലാത്ത, എന്നാൽ സ്വന്തമായി ഭൂമിയുള്ള ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ 55 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. സ്വന്തമായി കെട്ടിടമില്ലാത്ത ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ 02 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്കും, 2022-23 സാമ്പത്തിക വർഷത്തിൽ 513 കേന്ദ്രങ്ങൾക്കും, 2023-24 സാമ്പത്തിക വർഷത്തിൽ 568 കേന്ദ്രങ്ങൾക്കും പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഹെൽത്ത് ഗ്രാന്റിലൂടെ തുക അനുവദിച്ചിട്ടുണ്ട് . 2023-24 സാമ്പത്തിക വർഷത്തേക്കുള്ള ഗ്രാന്റ് തുക കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 23/05/2023 തീയതിയിലെ സർക്കുലർ നമ്പർ എഫ് .എം 3/138/2023-തസ്വഭവ പ്രകാരം സ്വന്തമായി ഭൂമിയില്ലാത്ത കേന്ദ്രങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥപനങ്ങളുടെ പ്രൊജക്റ്റ് വഴി ഭൂമി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

തിരുവനന്തപുരം

27 ഒക്ടോബർ 2026

കെ.മുരളീധരൻ,

ചെയർപേഴ്സൺ,

സബ്ജക്ട് കമ്മിറ്റി XII.